**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1915** **02-02-2024 - ൽ മറുപടിയ്ക്ക്**

**കോവിഡിനെ തുടർന്ന് നിർത്തലാക്കിയ സർവീസുകൾ പുന:രാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് നിർത്തിവച്ച പല സർവ്വീസുകളും കെ. എസ്. ആർ. ടി. സി. പുന:രാരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് കാലത്ത് പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും റദ്ദ് ചെയ്യതിനെ തുടർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ മുഴുവൻ സർവീസുകളും നിർത്തി വച്ചിരുന്നു. എന്നാൽ കോവിഡ്കാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | പുതുക്കാട് മണ്ഡലത്തിലെ മുപ്ലിയം, ചിമ്മിനി, വെള്ളാനിക്കോട്, മരോട്ടിച്ചാൽ, കോടാലി, ഇഞ്ചക്കുണ്ട്, തുടങ്ങിയ ഗ്രാമീണ മേഖലയിലേയ്ക്ക് തൃശ്ശൂർ, മെഡിക്കൽ കോളേജ്, ഇരിങ്ങാലക്കുട തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തിയിരുന്നത് പുന:രാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിലെ മുപ്ലിയം, കോടാലി, ഇഞ്ചക്കുണ്ട് എന്നിവിടങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. സർവീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്.<br><br>ചിമ്മിനി, വെള്ളാനിക്കോട്, മരോട്ടിച്ചാൽ എന്നീ ഗ്രാമീണമേഖലകളിലേയ്ക്കുള്ള റൂട്ടുകളിലെ സാധ്യതപഠനം നടത്തി ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ